**അനുബന്ധം**

**ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി**

**ചരക്ക് ഗതാഗത രംഗത്തെ പ്രശ്നങ്ങൾ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ടിപ്പർ അടക്കമുള്ള ചരക്ക് വാഹനങ്ങളുടെ സമയം, പ്രാദേശിക സാഹചര്യം പരിഗണിച്ച് സ്കൂൾ, ഓഫീസ് യാത്രക്കാർക്കും ടിപ്പർ, ലോറി ഉടമസ്ഥർക്കും സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം വാഹനങ്ങൾക്ക് സമയ നിയന്ത്രണം ഏർപ്പെടുത്തിയത്. പൊതുസുരക്ഷ മുൻനിർത്തി സമയ നിയന്ത്രണം പാലിക്കപ്പെടുന്നുവെന്ന് പോലീസും മോട്ടോർ വാഹന വകുപ്പും ഉറപ്പുവരുത്തുന്നുണ്ട്.

നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്ന വാഹനങ്ങൾ അമിതഭാരം കയറ്റിയും അമിതവേഗത്തിൽ ഓടിച്ചും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പോലീസും മോട്ടോർവാഹന വകുപ്പും നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നുണ്ട്.

അംഗീകൃത പാസ് ഇല്ലാതെ നിർമ്മാണ സാമഗ്രികൾ ചരക്കുവാഹനങ്ങളിൽ കൊണ്ടുപോകുന്നത് റവന്യൂ സ്ക്വാഡുകളുടെയും പോലീസിന്റെയും പരിശോധനയിൽ കണ്ടെത്തിയാൽ ഇത്തരം വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് നിയമാനുസൃത പിഴ ഈടാക്കി വിട്ടുനൽകുന്നുണ്ട്. അല്ലാത്തപക്ഷം കോടതി വഴി തീർപ്പുകൽപ്പിക്കുന്നതിന് കൈമാറി വരുന്നു. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഓടിക്കുന്ന വാഹനങ്ങൾക്ക് കൂടുതൽ പിഴ ചുമത്തുന്നതായോ അനാവശ്യമായി കസ്റ്റഡിയിലെടുക്കുന്നതായോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റ് സംസ്ഥാനങ്ങളിൽ പ്രൈവറ്റ് വാഹനമായി രജിസ്റ്റർ ചെയ്ത ശേഷം കേരളത്തിൽ കരാർ എടുത്ത് വാടകയ്ക്ക് ഓടുന്ന ജെ.സി.ബി പോലുള്ള വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾക്ക് ടാക്സ് ഈടാക്കുന്നുണ്ട്. നികുതി ഒടുക്കാതെ സർവ്വീസ് നടത്തുന്നത് കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾ പിടിക്കപ്പെട്ടാൽ അടയ്ക്കേണ്ട നികുതിയുടെ ഇരട്ടി തുക നികുതിയായി ഈടാക്കി വരുന്നുമുണ്ട്. എന്നാൽ ഹിറ്റാച്ചി മോട്ടോർവാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന

വാഹനമല്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ പാഴ്സൽ സർവ്വീസ്, ലോറി ഏജൻസ് രംഗത്തെ ജീവനക്കാരെ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല.

* * * * *